ഒന്നാം പാദവാർഷിക പരീക്ഷ - 2016

സാമൂഹ്യ ശാസ്ത്രം

STD: 9 ഉത്തരസൂചിക Mark: 80

1. Part IV A 1

2. - കോർപ്പസ് ജ്യൂറീസ് സിവിൽസ് എന്നറിയപ്പെടുന്നു.
   - യുക്തി , നീതി , ഔദാര്യം എന്നീ ആശയങ്ങൾ അടിസ്ഥാനമാക്കിയുള്ളത്.
   - കോഡ് , ഡൈജസ്റ്റ് , ഇൻസ്റ്റിറ്റ്യൂട്ട് എന്നീ മൂന്ന് ഗ്രന്ഥങ്ങൾ ഉൾപ്പെടുന്നു. 3x1 = 3

3. - 51 യൂണിറ്റ് ഭൗമോപരിതലത്തിൽ എത്തിച്ചേരുന്നു.
   - 14 യൂണിറ്റ് അന്തരീക്ഷത്തിൽ തങ്ങി നിൽക്കുന്നു
   - ഭൗമോപരിതലത്തിലേക്ക് എത്തിച്ചേരുന്ന ഊർജ്ജത്തിന്റെ 17 യൂണിറ്റ് ഭൗമോപരിതലത്തിൽ നിന്നും ഭൗമവികിരണം ആകുന്നു.
   - 48 യൂണിറ്റ് അന്തരീക്ഷത്തിൽ നിന്നുള്ള വികിരണമായി മടങ്ങിപ്പോകുന്നു. 4x1 = 4

4. - അറിവ് സമ്പദ് ക്രമത്തിൽ ബൗദ്ധിക മൂലധനത്തിന്റെ ഉല്പാദനവും ഉപഭോഗവുമാണ് നടക്കുന്നത്.
   - ഓഹരി , നികുതി , സോഫ്റ്റ് വെയർ മേഖലകളിലെ വിദഗ്ധർ , ഉയർന്ന ബിസിനസ് എക്സിക്യൂട്ടീവുകൾ തുടങ്ങിയവർ ഈ മേഖലക്ക് കരുത്തു പകരുന്നു.
   - ആഗോളതലത്തിൽ സോഫ്റ്റ് വെയർ സേവനം ലഭ്യമാകുന്ന തരത്തിൽ വിവര വിനിമയ സാങ്കേതിക വിദ്യയിൽ ഇന്ത്യയുടെ വികാസം
   - കേരളത്തിലെ ടെക്നോപാർക്ക് , ഇൻഫോപാർക്ക് എന്നിവ ഉദാഹരണം 3x1 = 3

5. - മധ്യകാല ലോകത്തെ രണ്ട് വാണിജ്യപാതകളാണിവ.
   - കിഴക്കൻ ചൈന മുതൽ പടിഞ്ഞാറൻ യൂറോപ്പ് വരെ ഇത് വ്യാപിച്ച് കിടക്കുന്നു.
   - പട്ടുതുണി പാത കരയിലൂടെയും സുഗന്ധവ്യഞ്ജന പാത കടൽ മാർഗ്ഗവുമായിരുന്നു
   - അനേകം കച്ചവടകേന്ദ്രങ്ങളിലൂടെ ഇത് കടന്നു പോകുന്നു. 2x1=2

6. ഉച്ച തിരിഞ്ഞ് 2 മണി 1x1=1

7. a ) വ്യക്തിക്ക് ഒരു കാരണവശാലും നിഷേധിക്കപ്പെടാൻ പാടില്ലാത്ത അവകാശങ്ങളാണ് മൗലീകാവകാശങ്ങൾ. ഇവ ഇന്ത്യൻ ഭരണഘടനയുടെ III ആം ഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 1
   b) - മൗലീകാവകാശങ്ങൾ ഒരു വ്യക്തിയുടെ സമ്പൂർണ്ണ വികാസത്തിന് ഒഴിച്ചുകൂടാനാവാത്തതാണ്
   - അന്തസുള്ള ജീവിതം നയിക്കുന്നതിന് ഇത് അത്യന്താപേക്ഷിതമാണ്. 2

8. a) താപനില
   ജലലഭ്യത
   വായുവിന്റെ സ്വഭാവം. 1
   b) - വായുവിലടങ്ങിയിരിക്കുന്ന നീരാവിയുടെ അളവാണ് കേവല ആർദ്രത.
   - നിശ്ചിത ഊഷ്മാവിൽ അന്തരീക്ഷത്തിന് ഉൾക്കൊള്ളാൻ കഴിയുന്ന ആകെ നീരാവിയുടെ എത്ര ഭാഗമാണ് അന്തരീക്ഷത്തിൽ നിലവിലുള്ളത് എന്നത് ശതമാനത്തിൽ കണക്കാക്കുന്നതാണ് ആപേക്ഷിക ആർദ്രത. 2
   c) ആപേക്ഷിക ആർദ്രത = $\frac{\text{കേവല ആർദ്രത}}{\text{അന്തരീക്ഷത്തിന് ഉൾക്കൊള്ളാൻ കഴിയുന്ന ആകെ നീരാവിയുടെ അളവ്}} \times 100$ 1

9.

| വംശങ്ങൾ | ഭരണനേട്ടങ്ങൾ | ക്ഷേമപ്രവർത്തനങ്ങൾ |
|---|---|---|
| ഖലീഫമാർ | * ഏഷ്യാമൈനർ മുതൽ അറബികടൽ വരെയുള്ള പ്രദേശങ്ങൾ അറേബ്യൻ സാമ്രാജ്യത്തിന്റെ കീഴിലായി.<br>* ഭരണകേന്ദ്രം മദീന | |
| ഉമവ്വിയ്യ വംശം | *അറേബ്യയിൽ കേന്ദ്രീകൃത ഭരണത്തിന് തുടക്കം കുറിച്ചു.<br>*ദമാസ്കസ് ഭരണകേന്ദ്രം | *സ്വർണ്ണ നാണയമായ ദിനാറും വെള്ളിനാണയമായ ദിർഹവും പുറത്തിറക്കി |
| അബ്ബാസിയ വംശം | *ഭരണകേന്ദ്രം ബാഗ്ദാദ്.<br>* ഹാറൂൺ അൽ റഷീദ് ആയിരുന്നു ഏറ്റവും പ്രഗൽഭനായ ഭരണാധികാരി.<br>നീതിന്യായ ഭരണം ഇസ്ലാം വിശ്വാസങ്ങൾക്കനുസരിച്ചും നിയമവാഴ്ച കർശനവുമായിരുന്നു.<br>* രാജ്യത്ത് എവിടേയും ജനങ്ങൾക്ക് നിർഭയമായി സഞ്ചരിക്കാമായിരുന്നു | *ക്ഷേമ പദ്ധതികൾ നടപ്പാക്കി.<br>*ആദ്യമായി ആശുപത്രികൾ സ്ഥാപിച്ചു. |

6

OR

## വിവിധ വാസ്തുവിദ്യാരീതികൾ

- ഷാലമീൻ രൂപപ്പെടുത്തിയ കരോലിൻ ജിയൻ ശൈലി .
  *താഴികക്കുടങ്ങളും കമാനാകൃതിയിലുള്ള വാതിലുകളും വലിയ തൂണുകളും മൊസൈക് തറകളും ഇതിന്റെ സവിശേഷതകളാണ്.
- ലൂയി ഒൻപതാമൻ പാരീസിൽ പണികഴിപ്പിച്ച ആദ്യത്തെ ആശുപത്രിയായ ക്വിൻ സെവീംഗിറ്റും ഫ്ലോറൻസിലെ പ്ലാറ്റോണിക് അക്കാദമി.

## കല

-സെന്നീ ഡി പെപ്പോ വരച്ച സാന്റ ട്രിനിറ്റ മഡോണ എന്ന ചിത്രം

-റോമിലെ ഫിർദൗസിയുടെ പ്രതിമ

## സാഹിത്യം

* ഒമർഖയ്യാമിന്റെ റുബായിയ്യാത്ത് ,
* തോമസ് അക്വിനാസിന്റെ സമ്മാ തിയ്യോളജി
* കൽഹണന്റെ രാജതരംഗിണി

-മത വിഷയങ്ങളും മതേതര വിഷയങ്ങളും സാഹിത്യത്തിൽ വിഷയങ്ങളായിരുന്നു

<u>സംഗീതം</u>

- CE 500 മുതൽ 1400 വരെയുള്ള കാലഘട്ടത്തിൽ യൂറോപ്യൻ സംഗീതത്തിൽ അറബിഗാനങ്ങളുടെ സ്വാധീനം കാണാം.
- ഇബ്ൻ മിസ്ജ ഉമവ്വിയ കാലഘട്ടത്തിലെ പ്രധാന സംഗീതജ്ഞൻ.
- ഇബ്ൻ മിഹ് രീസ് , ഇബ്ൻ സുരായ് എന്നിവർ പ്രധാനപ്പെട്ട പേർഷ്യൻ സഗീതജ്ഞർ. 6

10. - രാജ്യത്തിന്റെ സാമ്പത്തിക വളർച്ച എത്രത്തോളമെന്ന് കണ്ടെത്താനും രാജ്യങ്ങളുടേ സാമ്പത്തിക സ്ഥിതി താരതമ്യം ചെയ്യാനും.
- സമ്പദ് ഘടനയിലെ വിവിധ മേഖലകളുടെ സംഭാവന വിലയിരുത്താൻ
- സമ്പദ് വ്യവസ്ഥ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കാൻ
- വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാൻ സർക്കരിനെ സഹായിക്കുന്നതിന്

( ഏതെങ്കിലും 3 എണ്ണം ) 3x1 =3

11.

| <u>വലിയ ഫലകങ്ങൾ</u> | <u>ചെറിയ ഫലകങ്ങൾ</u> |
|---|---|
| പസഫിക് ഫലകം | ഫിലിപ്പൈൻ ഫലകം |
| വടക്കേ അമേരിക്കൻ ഫലകം | കോക്കസ് ഫലകം |
| തെക്കേ അമേരിക്കൻ ഫലകം | നാസ്ക ഫലകം |
| യൂറേഷ്യൻ ഫലകം | കരീബിയൻ ഫലകം |
| ആഫ്രിക്കൻ ഫലകം | സ്കോഷ്യാ ഫലകം |
| ആസ്ട്രേലിയൻ ഫലകം | അറേബ്യൻ ഫലകം |

( ഏതെങ്കിലും 3 എണ്ണം ) 6x1/2=3

12 ഖലീഫ - മദീന
ഉമവ്വിയ - ദമാസ്കസ്
അബ്ബാസിയ - ബാഗ് ദാദ് 3x1=3

13. <u>പർവ്വത വൃഷ്ടി</u>

കടലിൽ നിന്നും നീരാവി നിറഞ്ഞ കാറ്റ് കരയിലേക്ക് നീങ്ങുകയും പർവതചെരിവിലൂടെ ഉയർന്ന് തണുത്ത് ഘനീഭവിച്ച് കാറ്റിനഭിമുഖമായ പർ വത ചെരിവുകളിൽ പെയ്യുന്ന് മഴയാണിത്

<u>സംവഹന വൃഷ്ടി</u>

ഭൂമദ്ധ്യരേഖാ കാലാവസ്ഥാ മേഖലകളിൽ ഉയർന്ന താപമേറ്റ് വായു ചൂടായി വികസിച്ച് മുകളിലേക്കുയരുന്നു. ഈ വായു തണുത്ത് ഘനീഭവിച്ച് കുമുലസ് മേഘങ്ങളാകുന്നു.തുടർന്ന് ഇടിമിന്നലോട് കൂടിയ മഴ പെയ്യുന്നു. ഇതാണ് സംവഹന വൃഷ്ടി.

<u>തീരദേശ വൃഷ്ടി</u>

കടലിൽ നിന്നുള്ള വായു തീരദേശങ്ങളിൽ വെച്ച് കരയിലെ വായുവുമായി കൂട്ടിമുട്ടുമ്പോൾ ഉഷ്ണവായു മുകളിലേക്ക് ഉയർത്തപ്പെടുകയും തുടർന്ന് മേഘരൂപീകരണത്തിനും മഴയ്ക്കും കാരണമാകുന്നു. ഇതാണ് തീരദേശ വൃഷ്ടി. 3x2=6

OR

a ) A - തെക്കേ അമേരിക്കൻ ഫലകം

B - വടക്കേ അമേരിക്കൻ ഫലകം

C - പസഫിക് ഫലകം

D -ആഫ്രിക്കൻ ഫലകം. 2

b) അനേകായിരം കിലോമീറ്ററുകൾ വിസ്തൃതിയും പരമാവധി 100 കിമി കനവുമുള്ള ശിലാമണ്ഡലഭാഗങ്ങളെ ശിലാമണ്ഡലഫലകങ്ങൾ എന്നു പറയുന്നു. 1

c) വിയോജക സീമ

സംയോജക സീമ

ഛേദക സീമ 1 ½

d) വിയോജക സീമ - ഫലകങ്ങൽ പരസ്പരം അകലുന്ന ചലനങ്ങളാണ് വിയോജക സീമ.

ഇങ്ങനെയുണ്ടാകുന്ന ഭൂരൂപമാണ് സമുദ്രാന്തർ പർവത നിരകൾ. 1 ½

14. -വിവിധ തൊഴിൽമേഖലകളിലെ വിദഗ്ധരുടെ സംഘങ്ങളാണ് ഗിൽഡുകൾ.

ഉദാഹരണം : വ്യാപാര ഗിൽഡുകൾ, കരകൗശല ഗിൽഡുകൾ 1

*മധ്യകാല യൂറോപ്പിലെ നഗരങ്ങളിലുണ്ടായ വ്യാപാരത്തിന്റെ വളർച്ച.

*പ്രത്യേക തൊഴിൽ മേഖലയുടെ രൂപീകരണം

*സംഘടനബോധം. 2

15. - രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും കാത്തു സൂക്ഷിക്കുന്നതിന് പൗരന്മാർ രാഷ്ട്രത്തോട് നിറവേറ്റുന്ന കടമകളാണ് മൗലിക കടമകൾ.

- രാഷ്ട്രം നമുക്ക് അവകാശവും സംരക്ഷണവും നൽകുമ്പോൾ തിരിച്ച് ഭരണഘടനയെ പരിപാലിക്കേണ്ടതും , സൗഹാർദ്ദം വളർത്തേണ്ടതും നമ്മുടെ ചുമതലയാണ്. 2

16.

| ദ്രുത ചലനത്താൽ സൃഷ്ടിക്കപ്പെടുന്ന | സാവധാനത്തിലുള്ള ചലനത്താൽ സൃഷ്ടിക്കപ്പെടുന്ന |
|---|---|
| സമുദ്രാന്തർ പർവതങ്ങൾ<br>മടക്കുപരവതങ്ങൾ | ഭൂകമ്പം<br>അഗ്നി പർവത സ്ഫോടനം |

4X ½ =2

17. -അറബികൾ സ്പെയിനിൽ സ്ഥാപിച്ച സർ വകലാശാലയാണ് കോർദോവ സർവകലാശാല.

-മക്തബകളിൽ 6 മുതൽ 14 വരെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം നൽകിയിരുന്നു.

-സ്ത്രീകൾക്ക് വിദ്യാഭ്യാസ സൗകര്യമുണ്ടായി.

-ബാഗ് ദാദ് , ദമാസ്കസ് , അൽ അസ് ഹർ സർ വകലാശാലകൾ പ്രസിദ്ധങ്ങളാണ്. 3x1 =3

18. a) - ഫലക ചലനവും ഭ്രംശനവും

- ഖനികളുടെ മേൽക്കൂര ഇടിഞ്ഞുവീഴുന്നത്

- ജലസംഭരണികളിലെ സമ്മർദ്ദം

- അഗ്നിപർ വതങ്ങളുണ്ടാകുന്ന സന്ദർഭങ്ങൾ

b) റിക്ടർ സ്കെയിൽ

c) പ്രതല തരംഗങ്ങൾ

d) സമുദ്രാന്തർ ഭാഗത്തുണ്ടാകുന്ന ഭൂകമ്പങ്ങളുടെ ഫലമായി ഉയർന്നു പൊങ്ങുന്ന ഭീമൻ തിരമാലകളാണ് സുനാമികൾ 4x1=4

19. -വികസനത്തിന്റെ ഭാഗമായി കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും ആശുപത്രികളും ആരംഭിച്ചത്.
- ബാങ്കിങ് , ഇൻ ഷുറൻസ് , വാർത്താവിനിമയം തുടങ്ങിയ മേഖലകളുടെ വളർച്ച
- ഗതാഗതം , വിനോദസഞ്ചാരം എന്നിവയുടെ വളർച്ച
- അറിവധിഷ്ഠിത വ്യവസായങ്ങൾ ആരംഭിച്ചത് 4x1 = 4

20. - അഗ്നിപർവത സ്ഥലത്തെ മണ്ണ് ഫലഭൂയിഷ്ടമാണ്.
- ഗീസറുകൾ രൂപപ്പെടുന്നു.
- അഗ്നി പർവത സമയത്ത് വരുന്ന ചാരം വളമായി ഉപയോഗിക്കുന്നു. 3x1=3

21. - തൊട്ടു കൂടായ്മ നിർത്തലാക്കൽ - സമത്വത്തിനുള്ള അവകാശം
- അന്യായമായ അറസ്റ്റിൽ നിന്നും സം രക്ഷണം - സ്വാതന്ത്ര്യത്തിനുള്ള അവകാശം
- മനുഷ്യക്കച്ചവടം നിരോധിക്കുന്നു - ചൂഷണത്തിനെതിരെയുള്ള അവകാശം
- മതസ്ഥാപനങ്ങൾ നടത്താനുള്ള അവകാശം - മതസ്വാതന്ത്ര്യത്തിനുള്ള അവകാശം 4x ½=2

22. *നിമജ്ജനമേഖലകളിൽഫലകങ്ങളിൽ സാന്ദ്രതാ വ്യത്യാസം ഉണ്ട്.
* ചേദക സീമകളിൽ പൊതുവെ ഭൂരൂപങ്ങൾ സൃഷ്ടിക്കപ്പെടാറില്ല. 2X1 = 2

23. - അമേരിക്കയിലെ തദ്ദേശിയ സം സ്കാരങ്ങളെ നശിപ്പിച്ച് അവർ തോട്ടങ്ങളും ഖനികളും നിർമ്മിച്ചു.
- തോട്ടങ്ങളിൽ പണിയെടുപ്പിക്കാൻ ആഫ്രിക്കയിൽ നിന്ന് നീഗ്രോകളെ കൊണ്ടുവന്നു.
- തദ്ദേശീയരെ വംശഹത്യക്ക് വിധേയരാക്കി. 3x1 = 3

24. - അറബി അക്കങ്ങളും പൂജ്യവും ഇന്ത്യയിൽ നിന്ന് യൂറോപ്പിൽ പ്രചരിപ്പിച്ചു.
- രസതന്ത്രത്തെശാസ്ത്രം എന്ന നിലയിൽ വികസിപ്പിച്ചു
- ബീജഗണിതം , പ്രകാശ ശാസ്ത്രം എന്നിവയുടെ ഉപജ്ഞാതക്കളാണ് അറബികൾ 3x1=3

25. *വെടിമരുന്ന്
* ഭൂകമ്പമാപിനി
* വടക്കുനോക്കിയന്ത്രം
* അച്ചടി
* ആസ്ട്രലാബ് 4x1 = 4


Prepared by

BIJU.M
H S A Social Science
GHSS Parappa
Kasrgod

COLIN JOSE. E
H S A Social Science
Dr. AMMRHSS Kattela,
TVPM